"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതി പ്രകാരം കണ്ണൂർ, കോട്ടയം ജില്ലകളിലെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് അനുവദിച്ച ഭരണാനുമതി അതേ ജില്ലയിലെ തന്നെ മറ്റ് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.926/2025/RD തീയതി,തിരുവനന്തപുരം, 12-04-2025

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.08.2023, 15.02.2025 തീയതിയികളിലെ LR/8749/2022-LR(M5) നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കോട്ടയം വില്ലേജിന് 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അധികമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതിനാൽ 2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം വില്ലേജിന് ലഭ്യമായ നവീകരണം വഴി സ്മാർട്ട് എന്ന ഘടകത്തിലെ ഭരണാനുമതി ജില്ലയിലെ തന്നെ കടമ്പൂർ വില്ലേജിനും 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായി കോട്ടയം ജില്ലയിലെ പാമ്പാടി വില്ലേജിനെ തിരഞ്ഞെടുത്തിട്ടുള്ളതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ നവീകരണം വഴി സ്മാർട്ട് എന്ന ഘടകത്തിൽ ഉൾപ്പെട്ട് ഭരണാനുമതി ലഭ്യമായ പാമ്പാടി വില്ലേജിന് പകരമായി ചെങ്ങളം ഈസ്റ്റ് വില്ലേജിനെയും കണ്ണൂർ ജില്ലയിലെ കണ്ണപുരം വില്ലേജിന് ലഭ്യമായ ഭരണാനുമതി പ്രസ്തുത വില്ലേജിൽ സ്ഥല ലഭ്യത ഇല്ലാത്തതിനാൽ ചെറുതാഴം വില്ലേജിനും മാറ്റി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിലെ നവീകരണം വഴി സ്മാർട്ട് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കോട്ടയം വില്ലേജിന് നൽകിയ ഭരണാനുമതി ജില്ലയിലെ തന്നെ കടമ്പൂർ വില്ലേജിനും കോട്ടയം ജില്ലയിലെ പാമ്പാടി വില്ലേജിന് നൽകിയ ഭരണാനുമതി ചെങ്ങളം ഈസ്റ്റ് വില്ലേജിനും കണ്ണൂർ ജില്ലയിലെ കണ്ണപുരം വില്ലേജിന് നൽകിയ ഭരണാനുമതി ചെറുതാഴം വില്ലേജിനും മാറ്റി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോട്ടയം/കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ് / ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 15-04-2025 11:36:05

സെക്ഷൻ ഓഫീസർ